



# കതിര്



ഡിജിറ്റൽ മാഗസിൻ
ലിറ്റിൽ കൈറ്റ്സ് വാളാട്
2019



## താളുകളിൽ

ആശംസ....3
ആശംസ....4
നന്ദി....5
കൊച്ചുനക്ഷത്രം....6
പുഞ്ചിരിയുടെ വില....7
ശരത്‌ലാലും തന്റെ നാട്ടും....8
ഭാരതം....10
ഐ.സി.റ്റി. ഹൈടെക്കിലേക്ക്....11
വരണ്ടുണങ്ങിയ ഭൂമി....13
എന്റെ വിദ്യാലയം....14
പെയ്തൊഴിയാതെ....15
കണിക്കൊന്ന....16
പച്ചക്കറി വിളവെടുപ്പ്....17
ചങ്ങാതിമാരുടെ വില....18
കാറ്റിൽ പറന്ന ദു:ഖങ്ങൾ....20
....22
കൊയ്ത്തുത്സവം....23
കതിരിനു പിന്നിൽ....24

# ആശംസ



ഹരിതനിയമാവലി പാലിക്കപ്പെടുന്നവയാണ് ഡിജിറ്റൽ സൃഷ്ടികൾ. നമ്മുടെ ധാരാളം കുട്ടിഎഴുത്തുകാർക്ക് അവരുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കപ്പെടാൻ കൂടുതൽ ഇടവും ഇതിൽ കിട്ടുന്നു. 'കതിര്' എന്ന ഈ ഡിജിറ്റൽ മാഗസിന്റെ നിർമ്മാണത്തിന് പരിശ്രമിച്ച ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് സംഘത്തിന് അഭിനന്ദനങ്ങൾ. ഈ ഉദ്യമത്തിന് ഊഷ്മളമായ ആശംസകളും നേരുന്നു.

രഞ്ജിത്കുമാർ എ.വി.
പ്രധാനധ്യാപകൻ.

# ആശംസ



വാളാട് ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു .'കതിര് 'എന്ന ഈ ഡിജിറ്റൽ മാഗസിൻ വാളാടിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്നതാകട്ടെ എന്നാശംസിക്കുന്നതോടൊപ്പം ഇതിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ പേരെയും അഭിനന്ദിക്കുന്നു.

ഷാജി ഇളയിടത്ത്

പി.ടി.എ.പ്രസിഡണ്ട്.

# നന്ദി

ഓർമ്മകളുടെ ഇടനാഴിയിൽ ഒരദ്ധ്യയന
വർഷം കൂടി പടിയിറങ്ങുമ്പോൾ
ഭാവനകൾക്ക് ചിറകേകുന്ന
സർഗ്ഗശക്തിയിൽ നിറയുന്നത്
ഗൃഹാതുരത്വങ്ങൾ,ഓർമ്മകൾ,
അഭിലാഷങ്ങൾ,രോഷങ്ങൾ,
നിലവിളികൾ,സമാശ്വാസങ്ങൾ
അങ്ങനെ അനവധി....................
വാളാടിന്റെ നാൾവഴികളിലെ
നിറകതിരാകുന്ന ഈ
ഡിജിറ്റൾ മാഗസിനു വേണ്ടി
സഹകരിച്ച,സംഭാവനകൾ നൽകിയ
എല്ലാ പ്രിയപ്പെട്ടവർക്കും.....................
ഇത് സ്വീകരിക്കാൻ സന്നദ്ധത കാണിച്ച
എല്ലാ നല്ല മനസ്സുകൾക്കും.....................

നിങ്ങളുടെ എഡിറ്റർ.

# കൊച്ചുനക്ഷത്രം

കൊച്ചുനക്ഷത്രമേ നിന്നെയാരാ
മച്ചിലിരുത്തിയതമ്മയാണോ
വല്ലതും തട്ടിപ്പറിച്ചുവോ നീ
വല്ലാതെ വാശി പിടിച്ചുവോ നീ
താഴേക്കു പോരുവാൻ മോഹമില്ലേ
വീഴാതെ ചാടുവാൻ പറ്റുകില്ലേ
കൊച്ചുനക്ഷത്രമേ നിന്നെയാരാ
മച്ചിലിരുത്തിയതമ്മയാണോ

# പുഞ്ചിരിയുടെ വില

ഒരിടത്തൊരിടത്ത് ഒരു വൃദ്ധ ഉണ്ടായിരുന്നു. പടുവൃദ്ധ. അനാഥ. അവരെ നോക്കാൻ ആരും തന്നെ ഉണ്ടായിരുന്നില്ല. ഉറ്റ ബന്ധുക്കളോ, കൂട്ടുകാരോ ഒന്നും ഇല്ല. ആകെ ഒരഭയം ആ പ്രദേശത്തെ പോസ്റ്റ് മാനാണ്.എന്നും രാവിലെ പോസ്റ്റുമാൻ വൃദ്ധയുടെ വീട്ടുമുറ്റത്ത് വരും.കത്ത് കൊടുത്ത് ഒരു പുഞ്ചിരി ദാനം നൽകിക്കൊണ്ട് അയാൾ പോകുമായിരുന്നു. അങ്ങനെ ഒരു ദിവസം വൃദ്ധയ്ക്ക് കലശലായ നടുവേദന വന്നു.അവർ കിടപ്പിലായി.എന്നാലും പോസ്റ്റ്മാൻ ദിവസവും അമ്മയുടെ അടുക്കൽ വന്ന് സുഖവിവരം അന്വേഷിക്കുമായിരുന്നു. ഒപ്പം ഒരു പുഞ്ചിരിയും. അങ്ങനെ ഒരു ദിവസം വൃദ്ധയ്ക്ക് താൻ മരിക്കാറായി എന്നു തോന്നി. തനിക്ക് എന്നും പുഞ്ചിരി സമ്മാനിച്ച പോസ്റ്റ്മാന് തന്റെ സ്വത്തുക്കളെല്ലാം എഴുതിക്കൊടുത്ത് വൃദ്ധ സന്തോഷത്തോടെ മരിച്ചു.ആരോരുമില്ലാത്തവർ പുഞ്ചിരിയെയും സ്നേഹത്തെയുംഭാരതം എത്ര വില കൽപിക്കുന്നുണ്ടെന്ന് പോസ്റ്റ്മാൻ മനസ്സിലാക്കി.

# ശരത്‌ലാലും തന്റെ നാടും

ദൃശ്യ സുരേഷ് 7B

പഞ്ചാബിലെ ലാൽ സിങ്ങിന്റെ മകനായിരുന്നു ശരത് ലാൽ .ലാൽ സിങ്ങ് പ്രശസ്ത ചിത്രകാരനായിരുന്നു. തന്റെ അച്ഛനെപ്പോലെ ആണ്ണെമന്നായിരുന്നു ശരത് ലാലിന്റെ ആഗ്രഹം. അച്ഛന്റെ മരണശേഷം ശരത് ലാലും അമ്മയും വീട്ടിൽ ഒറ്റക്കായിരുന്നു.അതോടെ ചിത്രം എന്നത് ശരത് ലാലിന് വെറുപ്പായി മാറി. അങ്ങനെ അവൻ വീടും കുടിയും ഇല്ലാതെ അലഞ്ഞു.മദ്യപാനത്തോട് ശരത് ലാലിന് താത്പര്യം കൂടി .ഓരോ ദിവസം കഴിയുമ്പോഴും അമ്മ മകനെ കാത്തിരിക്കുമായിരുന്നു. എന്നെങ്കിലും മകൻ അമ്മയെ തേടി വരുമെന്നായിരുന്നു പാവത്തിന്റെ മനസ്സിൽ.അങ്ങനെയിരിക്കെ ഒരു വൈകുന്നേരം മകൻ വീട്ടിലെത്തി.അമ്മക്ക് സന്തോഷം അടക്കാനായില്ല. പക്ഷേ ആ സന്തോഷം കുടുതൽ നേരമുണ്ടായില്ല. ശരത് ലാൽ അമ്മയുടെ കൈ മുറുകെ പിടിച്ച് കൊണ്ട് കാറിലേക്കിരുത്തി. അപ്പോൾ മകൻ പറഞ്ഞു, ഞാൻ നിങ്ങളെ വൃദ്ധാസദനത്തിലാക്കുകയാണെന്ന്. ഇതു കേട്ട അമ്മയുടെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണീർ പോലും പൊഴിഞ്ഞില്ല. ഏറെ സന്തോഷമായിരുന്നു അമ്മയുടെ മുഖത്ത്. പക്ഷെ ഉള്ളിന്റെയുള്ളിൽ മക നെ വേർപിരിഞ്ഞു പോകേണ്ട സങ്കടം ഉണ്ടായിരുന്നു.പക്ഷെ, ആ സ്നേഹ മനസ്സ് മകൻ തിരിച്ചറിഞ്ഞില്ല. മകൻ അമ്മയെ വൃദ്ധാസദനത്തിൽ ചേർത്തു.അവിടെ കുറെ അമ്മമാരുണ്ടായിരുന്നു.അവർ എല്ലാം നല്ല സന്തോഷത്തിലായിരുന്നു. ഇതിനോട് പൊരുത്തപ്പെടാൻ അമ്മക്ക് കഴിഞ്ഞില്ല. മകൻ തിരികെ വീട്ടിലെത്തി.രാത്രി കിടന്നുറങ്ങുമ്പോൾ അമ്മയെ കുറിച്ചോർത്തു. തനിക്ക് അമ്മ ചെയ്തുതന്ന സഹായങ്ങളെ

പറ്റിയും ഓർത്തു. ഓർത്തതല്ല, ഇത് ഒരു സ്വപനമായിരുന്നു.ഈ സ്വപ്നം മകന് ഒരു തീക്കനൽ പോലെ ഉള്ളിൽ നിന്നു.ഇത് തന്റെ തെറ്റിദ്ധാരണ തിരുത്തുകയായിരുന്നു. ആ ദിവസം തന്നെ മക് തന്റെ അമ്മയെ തിരിച്ചു കൊണ്ടുവന്നു.എന്നിട്ട് അവിടെ സാക്ഷിയായി നിന്ന എല്ലാ അമ്മമാരുടെയും മുന്നിൽ വച്ച് അവൻ അമ്മയുടെ നെറ്റിയിൽ ഒരുമ്മ കൊടുത്തു. ഇനി ഞാൻ ഒരിക്കലും ഈ ക്രൂരത ചെയ്യില്ല.നമ്മെ പോറ്റി വളർത്തിയ അമ്മയെ പിരിയുമ്പോഴുണ്ടാകുന്ന വേദന ശരത് ലാൽ മനസ്സിലാക്കി. അവർ സന്തോഷത്തിന്റെ കണ്ണീർ ഒഴുക്കി തിരിച്ചു യാത്രയായി.

# ഭാരതം

**ദേവാനന്ദ അനന്തൻ**

ജയ ജയ ഭാരതമുയരട്ടെ
ജയ ജയ ഭാരത മാതാജയ്
നമ്മുടെ പതാക പാറട്ടെ
മാനത്തങ്ങനെ പാറട്ടെ
ജയ ജയ ഭാരതമുയരട്ടെ
ജയ ജയ ഭാരത മാതാജയ്
വെള്ളക്കാരെ തുരത്തീടാം
സ്വാതന്ത്ര്യത്തോടെ നടന്നീടാം
മിന്നും ഭാരതമുയരട്ടെ
നമ്മുടെ ഭാരതമുയരട്ടെ
പല പല വേഷം
പല പല ഭാഷ
പല പല രുചികളുമാണല്ലോ
ഒത്തൊരുമിച്ച് നടന്നീടും
നമ്മുടെ ഭാരതമുയരട്ടെ
സ്വാതന്ത്ര്യത്തിനായ് പോരാടി
ധീരന്മാരാം നേതാക്കൾ
ജനിച്ചു വളർന്നൊരു പ്രിയനാട്
നമ്മുടെ ഭാരതമുയരട്ടെ

# ഐ.സി.റ്റി. ഹൈടെക്കിലേക്ക്

ലിഷി.വി.പി.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജനകീയമായതോടെ പൊതു വിദ്യാലയങ്ങൾ ജനകീയ ഇടപെടലോടെ മികവിന്റെ കേന്ദ്രങ്ങളായിക്കൊണ്ടിരിക്കുന്നു .പൊടി രഹിതമായ ക്ലാസ്സുമുറികൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് മാറിക്കഴിഞ്ഞു. ഹരിത നയത്തിലൂന്നിയ വിദ്യാലയാന്തരീക്ഷം വിദ്യാലയം തന്നെ ഒരു പാഠപുസ്തകമായി കുട്ടികൾക്ക് അനുഭവപ്പെടുന്നു.

ഈ മാറ്റങ്ങളിൽ ഏറെ പ്രാധാന്യമുള്ളതാണ് ക്ലാസ്സുമുറികളുടെ സാങ്കേതികവിദ്യാലയധിഷ്ഠിതമായ മാറ്റം.ഇൻറർനെറ്റ് ബന്ധിതമായ ലാപ്ടോപ്പ്, പ്രൊജക്ടർ, ശബ്ദസംവിധാനങ്ങൾ, നെറ്റ്വർക്ക് സംവിധാനങ്ങൾ എന്നിവ ക്ലാസ് മുറിയിലേക്കെത്തുമ്പോൾ ലോക വിജ്ഞാന മണ്ഡലം ഒരു മൗസ് ക്ലിക്ക് അകലത്തിൽ ആവുന്നു.

ഒന്നാംതരം മുതൽ പന്ത്രണ്ടാം തരം വരെയുള്ള അധ്യാപകർക്ക് ഐ.സി.റ്റി. പരിശീലനം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. എൽ.പി. അധ്യാപകർക്ക് കളിപ്പെട്ടി എന്ന പുസ്തകത്തെ അധികരിച്ചും യു.പി. അധ്യാപകർക്ക് ഇ@ വിദ്യ എന്ന പുസ്തകത്തെ അധികരിച്ചും പരിശീലനം ലഭിച്ചിട്ടുണ്ട്. വിവിധ ഗെയിമുകളെ പാഠപുസ്തകവുമായി ബന്ധിപ്പിക്കുന്ന രീതികൾ വിവരിക്കുന്ന എഡ്യുടെയ്ൻമെന്റ് ആണ് കളിപ്പെട്ടി.യു.പി.ക്ലാസ്സുകളിൽ വിവിധ വിഷയങ്ങളിൽ ഐ.സി.റ്റി. ഏതു രീതിയിൽ ഉപയോഗിക്കണമെന്ന് വിവരിക്കുന്ന പുസ്തകമാണ് ഇ@വിദ്യ. ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി ക്ലാസ്സുകളിലെ അധ്യാപകർക്ക് വിഷയാധിഷ്ഠിതമായ പരിശീലനമാണ് ഐ.സി.റ്റി.യിൽ ലഭിച്ചിട്ടുള്ളത്.

അധ്യാപകന് ഏതു വിഷയത്തിലുള്ള ക്ലാസ്സും ചലനാത്മകമാക്കാൻ

ഐ.സി.റ്റി. ഉപയോഗത്തിലൂടെ സാധിക്കുന്നു. അധികവിവരങ്ങൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നു.പരിചയപ്പെട്ട വിവിധ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് തനിക്കാവശ്യമായ രീതിയിൽ ക്ലാസ്സുകൾ മാറി എടുക്കാൻ സാധിക്കുന്നു. പ്രവേശിക, പ്രചോദനം, മൂല്യനിർണയം എന്നീ രീതികളിലും ഐ.സി.റ്റി. ക്ലാസ്സിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നു.

ലോകത്തെ ഏറ്റവും മികച്ച വിദ്യാലയാനുഭവം കുട്ടികളുടെ മുമ്പിൽ എത്തിക്കാർ അധ്യാപകന് ഇതുവഴി സാധിക്കുന്നു. അധ്യാപകർക്കും കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉപയോഗിക്കാൻ പറ്റുന്ന തരത്തിൽ സമഗ്ര എന്ന വിദ്യാഭ്യാസ പോർട്ടലും തയ്യാറായിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ ചാനലായ വിക്ടേഴ്സും ക്ലാസ്സിലെത്തുന്നതോടെ കുട്ടികൾക്ക് നൂതനമായ പാഠാനുഭവങ്ങൾ ലഭിക്കുന്നു.

ഐ.സി.റ്റി പഠനമാറ്റത്തിന് സഹായിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് എന്ന ഒരു വിദ്യാർത്ഥി സേനയും നിലവിലുണ്ട്. ആനിമേഷൻ, ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ് വെയർ, സൈബർ സുരക്ഷ എന്നിങ്ങനെ വിവിധ മേഖലകളിൽ ഘട്ടംഘട്ടമായി പരിശീലനം പൂർത്തിയാക്കി യവരാണ് ഈ സേനയിൽ ഉള്ളത്.

അങ്ങനെ മികവിനു വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് ചാലകശക്തിയായി സാങ്കേതിക വിദ്യാഭാസം വിദ്യാലയത്തിൽ ശക്തി പ്രാപിച്ചു കൊണ്ടിരിക്കുന്നു . അധ്യാപക സമൂഹം താൽപര്യത്തോടെ ഇതിനെ ഏറ്റെടുത്താൽ ഈ രംഗത്ത് അത്ഭുതങ്ങൾ പ്രതീക്ഷിക്കാം.

# വരണ്ടുണങ്ങിയ ഭൂമി

സുമയ്യ വി.എം. 9 എ

വരണ്ടുണങ്ങിയ ഭൂമിയും
ഇലപൊഴിഞ്ഞ മരവും
പൈപ്പിൻ ചോട്ടിൽ
ഒരിറ്റു വെള്ളത്തിനായ്
കൊതിക്കുന്ന കാക്കയും
നീണ്ട നിരയായ കുടങ്ങളും
എല്ലും തോലുമായ മൃഗങ്ങളും
വെള്ളത്തിനായ് കരയുന്ന
പിഞ്ചു കുഞ്ഞുങ്ങളും
നിന്റെ അടയാളമായിരുന്നു.

.

# എന്റെ വിദ്യാലയം

നീതു സെബാസ്റ്റ്യൻ

നീറും മനമോടെ നിറകൺകളാലെ
നിഴലായ വിദ്യ തൻ നടയിറങ്ങുമ്പോൾ
അറിയാതെ അകതാരിൽ
അകലാത്തൊരാത്മബന്ധം
കളിയും ചിരിയുംനിറഞ്ഞൊരാബാല്യത്തിൻ
കലാവേദിയായെൻ വിദ്യാലയം
അക്ഷരത്തിൻ മുത്തുകൾ അനുദിനം നൽകിയ
അനുഗ്രഹമായൊരെൻ ഗുരുക്കന്മാർ
ആ നല്ല സ്മരണകൾ ഒന്നൊന്നായി നുണയുമ്പോൾ
അകതാരിലൊരു വിങ്ങൽ നിറയുന്നു
പുസ്തകത്തിൻ താളിൽ കൊച്ചു മയിൽപ്പീലികൾ
കരുതിയ കൗതുകമാം എന്റെ ബാല്യം
അനന്തമാം സ്നേഹത്തിൽ ആത്മമിത്രങ്ങൾവിരിഞ്ഞു
അപ്പോളസ്തമയത്തിൻ നാളണഞ്ഞല്ലോ
അറിയില്ല എത്രമാത്രം സ്നേഹിച്ചിരുന്നെൻ
സ്വന്തമാം സുന്ദരമാം ഗുരുകുലത്തെ

# പെയ്തൊഴിയാതെ

ജെസ് ലിൻ .ടി .എസ്

പെയ്തൊഴിയാത്ത തുലാവർഷമാരി പോൽ
പൊഴിയുന്നവളുടെ കണ്ണിലെ കണ്ണുനീർ
കണ്ണുനീർ കണ്ടതായാരും ഭാവിച്ചില്ല
കാരണമെന്തെന്നുമാരാഞ്ഞില്ല
കാലവർഷക്കാറ്റടിക്കുന്ന രാവിലും
കണ്ണുകൾ രണ്ടും കലങ്ങിത്തന്നെ
കാരാഗൃഹത്തിന്റെ വാതിൽ തുറക്കുവാൻ
കാലു പിടിച്ചവൾ കേണിടുന്നു
വനിതയാണെന്നുള്ള കുറ്റമാരോപിച്ച്
വിശ്വവുമവളെ തഴഞ്ഞിടുന്നു
അബലയെന്നാർത്തു വിളിക്കുന്ന ലോകവും
അപരിഷ്കൃതം തന്നെയാണെന്നാളും
കാരാഗൃഹത്തിൽ കിടക്കേണ്ടതല്ലവൾ
കാണട്ടെയവളെയീ ലോകമെല്ലാം
ഒന്നല്ല രണ്ടല്ല എത്രയോ സ്ത്രീകൾ തൻ
കണ്ണുനീർ വീണൊരീ കാരാഗൃഹം
പെയ്തൊഴിയാത്തൊരാകണ്ണീരിനറുതിയായ്
വാതിൽ തുറന്നവൾ വന്നിടുന്നു
കണ്ണീർ കഴുകിക്കളഞ്ഞിട്ട് വനിതാ
ഇളവെയിൽ കൊണ്ടവൾ നിന്നിടുന്നു

# കണിക്കൊന്ന

അജയ് ദാസ്

നീ കൊന്ന, ഞാൻ മനുഷ്യൻ
നീയും ഞാനും തമ്മിൽ
വർഷത്തിൽ ഒരു ദിനസൗഹൃദം
അതാണ് വിഷു.
നീ വരുന്നതിന് മുമ്പേ ഞങ്ങൾ
തുടങ്ങുന്ന വെടിക്കെട്ടും ആഘോഷവും
വിശ്വരൂപമായ കൃഷ്ണനൊപ്പം
കണിയായ് നീയും
ആ കണിയിൽ നീയില്ലെങ്കിൽ പിന്നെ
എന്ത് വിഷു, എന്ത് ആഘോഷം കണിക്കൊന്നേ

# പച്ചക്കറി വിളവെടുപ്പ്



# ചങ്ങാതിമാരുടെ വില

സ്മൃതി സതീഷ് 8 എ

ഒരിടത്ത് മൂന്ന് ചങ്ങാതിമാർ ഉണ്ടായിരുന്നു. കിങ്ങിണിക്കാട്ടിലായിരുന്നു അവരുടെ താമസം. കിട്ടുക്കരടിയും അക്കുതത്തയും സുന്ദരിമയിലുമായിരുന്നു ചങ്ങാതിമാർ.കൂട്ടത്തിൽ ഏറ്റവും പാവവും മണ്ടനും കിട്ടുക്കരടിയാണ്.അക്കുതത്ത വളരെയധികം ബുദ്ധിശാലിയുമാണ്. എന്നാൽ എപ്പോഴും പൊങ്ങച്ചം പറയുകയും അഹങ്കാരിയും,പാവമായതിനാൽ കിട്ടു വിനെ കളിയാക്കുന്നതും സുന്ദരിയാണ്. അവൾ എന്നും കിട്ടുവിനെ കളിയാക്കും.

പാവം കിട്ടു. എല്ലാം കേട്ടു നിൽക്കും. ഒരിക്കൽ സുന്ദരി കിട്ടുവിനോട് പറഞ്ഞു. ഹേ മണ്ടാ നീ എന്തൊരു തടിയനാ?ഹൊ, കണ്ടാൽത്തന്നെ പേടിയാവുന്നു. എന്റെ കൂടെ നടക്കാൻ നിനക്കെങ്ങനെ ധൈര്യം വന്നു? ഞാൻ എന്തു ചെറുതാണ്. സുന്ദരിയുമാണ്. അതുകൊണ്ടാണല്ലോ എന്നെ സുന്ദരി എന്നു വിളിക്കുന്നത്. ഇങ്ങനെ പോയാൽ എനിക്ക് നാണക്കേടാ.നമ്മൾ തമ്മിൽ ഇനി കൂട്ടു വേണ്ട. അക്കു നീ എന്റെ കൂടെ വാ.

അയ്യോ സുന്ദരീ നമ്മൾ തമ്മിലുള്ള ചങ്ങാത്തം വേണ്ടെന്നു വെക്കല്ലേ, കിട്ടു പറഞ്ഞു. നീ പറയുന്നതെന്തും ഞാൻ ചെയ്യാം. ഇതൊക്കെ കണ്ടു നിന്ന അക്കു. ഹൊ ഒന്നു നിർത്തുന്നുണ്ടോ, സുന്ദരി നിന്നെക്കാൾ നല്ലത് കിട്ടുവാ.നിനക്ക് ഞങ്ങളുടെ കൂടെ നില്ക്കുവാൻ താൽപര്യമില്ലെങ്കിൽ പൊയ്ക്കോളൂ. ഓഹോ, അത്രയ്ക്കായോ. നിങ്ങളില്ലെങ്കിലും എനിക്ക് ജീവിക്കാൻ പറ്റും എന്നും പറഞ്ഞ് സുന്ദരി മുഖം

വീർപ്പിച്ച് അവിടെ നിന്ന് പോയി.ഇതുകണ്ട് കിട്ടു പറഞ്ഞു നമുക്കും അവളെ പിൻതുടരാം.അല്ലെങ്കിൽ അവളേതെങ്കിലും കെണിയിൽ ചാടും. അങ്ങനെ അവർ സുന്ദരിയെ പിൻതുടർന്നു.

സുന്ദരി ചിറകും വിരിച്ച് അഹങ്കാരത്തോടെ നടക്കുകയാണ്. പെട്ടെന്ന് സുന്ദരി ചില മനുഷ്യരുടെ ശ്രദ്ധയിൽപ്പെട്ടു. അവർ ആദ്യമായാണ് മയിലിനെ കാണുന്നത്. അവർ സുന്ദരിയെ പിടിക്കാൻ തീരുമാനിച്ചു.

സുന്ദരി പോകുന്ന വഴി മനുഷ്യർ തടഞ്ഞു.അവർ അവളുടെ മേൽ ചാടി വീണു.രക്ഷിക്കണേ....രക്ഷിക്കണേ.... സുന്ദരി നിലവിളിച്ചു. ഇതു കണ്ട കിട്ടുവും അക്കുവും പേടിച്ചു പോയി. കിട്ടുവും സുന്ദരിയുടെ കൂടെ രക്ഷിക്കണേ... എന്ന നിലവിളിക്കാൻ തുടങ്ങി. ഈ കണ്ട അക്കു കിട്ടുവിനോട് പറഞ്ഞു, എടാ മണ്ടാ നീയൊരു കരടിയല്ലേ പോയി ആ ജന്തുക്കളെ പേടിപ്പിക്കു.അങ്ങനെ അവൻ അലറി വിളിച്ചു കൊണ്ട് ഓരോ മനുഷ്യരെയും വലിച്ചെറിഞ്ഞു.

എന്നിട്ട് സുന്ദരിയെ രക്ഷിച്ചു. സുന്ദരി ഇരുവരോടും ക്ഷമ ചോദിച്ചു. അവർ മൂവരും സന്തോഷത്തോടെ കാട്ടിലേക്ക് മടങ്ങി. പിന്നീടൊരിക്കലും സുന്ദരി തന്റെ പണ്ടത്തെ സ്വഭാവം കാണിച്ചില്ല.

# കാറ്റിൽ പറന്ന ദു:ഖങ്ങൾ

റിഫ ഫാത്തിമ 8 ബി

അച്ഛനും അമ്മയും പത്താം വയസ്സിലെ അമ്മുവിനെ വിട്ടു പോയതാണ്. അച്ഛന്റെ ഏട്ടൻ വല്യച്ഛനാണ് അമ്മുവിനെ നോക്കിയത്. വല്യച്ഛന് രണ്ട് മക്കളുണ്ട്. അപ്പുവും അച്ചുവും. വല്യച്ഛൻ എപ്പോഴും അച്ഛനും അമ്മയും മരിച്ച ആരോരുമില്ലാത്ത ഒരു അഭയയാണ് അമ്മുവിനെ കണ്ടിട്ടുള്ളത്. അപ്പുവും അച്ചുവും എന്നെ ഒരിക്കലും ഒരു ചേച്ചിയായി കണ്ടിട്ടില്ല. അവരുടെ കാര്യങ്ങൾ എല്ലാം ചെയ്തു കൊടുത്താലും എപ്പോഴും ശാസന മാത്രം. എന്റെ മുത്തശ്ശിയാണ് എന്നോട് കുറച്ചെങ്കിലും സ്നേഹം കാണിച്ചിട്ടുള്ളത്.

എനിക്ക് സങ്കടം വരുമ്പോൾ അച്ഛന്റെയും അമ്മയുടെയും ശവമാടത്തിനരികിൽ ചെന്ന് ഇരിക്കും. സങ്കടങ്ങൾ പറയും. മുത്തശ്ശി ഇതു കാണുമ്പോൾ സാരമില്ല എല്ലാം ശരിയാകും എന്ന് പറയും. ഒരിക്കൽ എന്നെ വേറൊരു വീട്ടിൽ ജോലിക്കാരിയായി വിടണമെന്ന കാര്യം വല്ല്യച്ചനും വല്യമ്മയും പറയുന്നത് കേട്ടു. എന്നോട് പറഞ്ഞപ്പോൾ വേറെ നിവൃത്തിയില്ലാത്തതു കൊണ്ട് ഞാൻ സമ്മതം മൂളി.പിറ്റേന്ന് ഞാൻ ജോലി ചെയ്യുന്ന വീട്ടിൽ പോയി. വല്ല്യച്ചനും വീട്ടമ്മയും എന്തൊക്കെയോ സംസാരിച്ചു. ഞാൻ അകത്തേക്ക് പോയി. അവിടെ അമ്മിണിയമ്മ എന്ന മറ്റൊരു വേലക്കാരിയുണ്ട്. അവിടെയുള്ള രണ്ടു കുട്ടികളെ നോക്കലും മറ്റ് പുറം പണികളുമാണ് എന്റെ ജോലി.കൂടെക്കൂടെ ഞാൻ എല്ലാം മനസ്സിലാക്കി. ആഴ്ചയിലൊരിക്കൽ വല്ല്യച്ചൻ വരും. എന്നെ കാണാനാണെന്നാ ഞാൻ വിചാരിച്ചത്. പക്ഷേ, എന്റെ ശമ്പളം

വാങ്ങാനാ. അമ്മിണിയമ്മ എല്ലാം എന്നെക്കൊണ്ടാണ് ചെയ്യിപ്പിക്കുക. പക്ഷേ ഞാൻ മടുത്തില്ല വല്യച്ഛന്റെ വീട്ടിൽ നിന്ന് ജോലികൾ ചെയ്ത് ശീലിച്ചതുകൊണ്ട് .എന്ത് ചെയ്താലും എല്ലാ കുറ്റവും എന്റെ തലയിലാ. ഒരിക്കൽ അച്ഛവിന്റെ മാല കാണാതായിട്ട് എന്നെ കള്ളി എന്ന് വിളിച്ച് ചീത്ത പറഞ്ഞു. അപ്പോഴൊക്കെ എല്ലാം ശരിയാകും എന്ന മുത്തശ്ശിയുടെ വാക്കുകൾ ചെവിയിൽ ആഞ്ഞടിക്കും. അതു കൊണ്ടാണ് ഇത്രയും കാലം അവിടെ സഹിച്ച നിന്നത്. പിറ്റേ ദിവസം മാല തിരിച്ച കിട്ടി. ഞാൻ അവിടെ നിന്ന് പോകാൻ തീരുമാനിച്ചു. അന്നു രാത്രി ആ വീടം വിട്ടിറങ്ങി. ഇരുട്ടിലൂടെ മുന്നോട്ടു നടന്നു.എന്നെ കണ്ട ഒരാൾ കുറെ അനാഥക്കുട്ടികളുള്ള ഒരു സ്ഥലത്ത് എന്നെ കൊണ്ടാക്കി.അവിടെ രണ്ടു ദിവസം കുറച്ച സന്തോഷത്തോടെ ഇരുന്നു. ഒരു ദിവസം ഒരു ചേച്ചി കുട്ടിയെ ദത്തെടുക്കാൻ അവിടെ വന്നു. ഞങ്ങളുടെ കളിസ്ഥലത്തു വന്ന് കുട്ടികളെ നോക്കി. ഞാൻ അവിടെ ഒരു മരച്ചവട്ടിൽ ഇരിക്കുകയായിരുന്നു.എന്റെ സ്വഭാവമോ രീതികളോ കണ്ടിട്ടാവാം അവർ എന്നെയാണ് ദത്തെടുത്തത്. എന്നെ അവരുടെ വീട്ടിലേക്ക് കൊണ്ടുപോയി. എനിക്കവിടം നല്ല ഇഷ്ടമായി. അവിടുത്തെ കാര്യങ്ങളെല്ലാം അവർ എനിക്ക് പറഞ്ഞു തന്നു. കുറച്ച കഴിഞ്ഞപ്പോഴേക്കും ഞങ്ങൾ നല്ല കൂട്ടായി .അവരുടെ ഭർത്താവ് ആദ്യമേ മരിച്ചിരുന്നു. ഞാനും സുജാതമ്മയും ജാനു വേട്ടത്തിയുമാണ് ആ വീട്ടിൽ .സുജാതമ്മ എനിക്ക് കളിക്കാൻ കുറെ കളിപ്പാട്ടങ്ങൾ വാങ്ങിത്തന്നു. എന്നെ സ്വന്തം മോളെപ്പോലെ നോക്കി. എത്രയോ വർഷമായി ഞാനാ സുഖം അനുഭവിച്ചിട്ട്. ഒരിക്കൽ ഞാൻ സുജാതമ്മയോട് എന്റെ മുത്തശ്ശിയുടെ കാര്യം പറഞ്ഞു. മുത്തശ്ശിയെ വീട്ടിലേക്ക് കൂട്ടി വരാമെന്ന് സുജാതമ്മ വാക്കു തന്നു. എനിക്ക് സന്തോഷമായി.മുത്തശ്ശിയും ഞാനും സുജാതമ്മയും ജാതവേട്ടത്തിയും കൂടെ ഒരു സന്തുഷ്ട കുടുംബമായി.

സന്തോഷമെന്താണെന്ന് ഞാൻ പതിയെ അറിയാൻ തുടങ്ങി.ആ സന്തോഷ ദിനങ്ങളിൽ ഞാൻ അനുഭവിച്ച ദു:ഖങ്ങൾ കാറ്റിൽ പറന്നു പോയത് ഞാൻ അറിഞ്ഞില്ല. അതിനു പകരം സന്തോഷപ്പെരുമഴ പെയ്തു.



# കൊയ്ത്തുത്സവം

തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്പ്രസിഡണ്ട്ശ്രീമതി അനിഷസുരേന്ദ്രൻ കൊയ്ത്തുത്സവോദ്ഘാടനം നിർവ്വഹിക്കുന്നു.

# കതിരിനു പിന്നിൽ

ചീഫ് എഡിറ്റർ : പ്രധാനധ്യാപകൻ

സ്റ്റാഫ് എഡിറ്റർ : പ്രിൻസി ജോസ്

സ്റ്റുഡന്റ് എഡിറ്റർ : ദിയ തെരേസ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും മിസ്ട്രസുമാരും.